## പതിമൂന്നാം കേരള നിയമസഭ

### ആറാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2827 20.12.2012ൽ മറുപടിയ്ക്ക്

### <u>എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, ലൂഡി ലൂയിസ്<br>,, ഐ.സി. ബാലകൃഷ്ണൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ് പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) സിലബസ്സ് പരിഷ്കരണവും,അതിന്റെ കമ്മിറ്റി രൂപീകരണവും സർവ്വകലാശാലകളുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്.ഓരോ യൂണിവേഴ്സിറ്റിയേയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>കേരള യൂണിവേഴ്സിറ്റി<br>ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക്/ബി.ആർക്/എം.ടെക്/എം.ആർക്/എം.പ്ളാനിംഗ് കോഴ്സുകളുടെ സിലബസ്സ് പിഷ്കരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.പുതിയ റഗുലേഷനും പാഠ്യപദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.സർവ്വകലാശാലയിലും,വിവിധ കോളേജുകളിലും ഇതിനായുള്ള വർക്ഷോപ്പുകളും നടത്തിയിട്ടുണ്ട്.<br>എം.ജി യൂണിവേഴ്സിറ്റി<br>എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ് കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്.അവസാനമായി 2010 ലാണ് പരിഷ്കരിച്ചത്.<br>കൊച്ചിൻ യൂണിവേഴ്സിറ്റി<br>ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക് കോഴ്സുകളുടെ സിലബസ്സ് ഈ അദ്ധ്യയന വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. |

കണ്ണൂർ യൂണിവേഴ്സിറ്റി

കണ്ണൂർ സർവ്വകലാശാലയിലെ ബി.ടെക് കോഴ്സുകളുടെ സിലബസ്സ് പരിഷ്കരണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഒരു സിലബസ്സ് പരിഷ്കരണ ശിൽപ്പശാല നവംബർ 2,3 തീയതികളിൽ സംഘടിപ്പിച്ചിരുന്നു.നടപടി പുരോഗമിക്കുന്നു

കാലിക്കറ്റ് യൂണിവേഴ്സിറ്റി

സിലബസ്സ് പരിഷ്കരണത്തിനായി ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഞ്ചിനീയറിംഗ് തീരുമാനപ്രകാരമുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) ഇതിനായി സിലബസ്സ് പരിഷ്കരണ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) കേരള യൂണിവേഴ്സിറ്റി

സിലബസ്സ് പരിഷ്കരണ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

എം.ജി യൂണിവേഴ്സിറ്റി

എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ് ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ റെക്കമെന്റേഷനോടു കൂടി അക്കാദമിക് കൗൺസിൽ ആണ് അംഗീകരിക്കുന്നത്.

കൊച്ചിൻ യൂണിവേഴ്സിറ്റി

ബാധകമല്ല.

കണ്ണൂർ യൂണിവേഴ്സിറ്റി

സിലബസ്സ് പരിഷ്കരണ ശിൽപ്പശാലയുടെ തീരുമാനങ്ങൾ പ്രകാരം സിലബസ്സ് പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

സിലബസ്സ് പരിഷ്കരണ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഏത് അദ്ധ്യയനവർഷം മുതൽ ഇത്

(സി) കേരള യൂണിവേഴ്സിറ്റി

2013 അഡ്മിഷനോടെ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | എം.ജി യൂണിവേഴ്സിറ്റി<br>2010ൽ പരിഷ്ക്കരിച്ച സിലബസ്സാണ് ഇപ്പോൾ നിലവിലുള്ളത്.<br>കൊച്ചിൻ യൂണിവേഴ്സിറ്റി<br>ഈ അദ്ധ്യയന വർഷം മുതൽ പരിഷ്ക്കരിച്ച സിലബസ്സ്ണ് നിലവിലുള്ളത്..<br>കണ്ണൂർ യൂണിവേഴ്സിറ്റി<br>2013-14 അഡ്മിഷനോടെ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി<br>2013- അദ്ധ്യയനവർഷം മുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ